## ഓൺലൈൻ വഴി റവന്യൂ സർട്ടിഫിക്കറ്റുകൾ

171 (1250) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ സർട്ടിഫിക്കറ്റുകൾ ഓൺലൈൻ വഴി നൽകാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

### ഉത്തരം

(എ) ഉണ്ട്.

(ബി) റവന്യൂ വകുപ്പിൽ ഇ-ഗവേണൻസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായിട്ടാണ് ഇ-ഡിസ്ട്രിക്ട് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. അപേക്ഷകന് എപ്പോഴും എവിടെ നിന്നുവേണമെങ്കിലും സർട്ടിഫിക്കറ്റുകൾക്ക് ഓൺലൈനായി അപേക്ഷിക്കുകയും ലഭ്യമാകുകയും ചെയ്യുന്ന സംവിധാനമാണ് ഇ-ഡിസ്ട്രിക്ട് പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളതും നടപ്പിലാക്കി വരുന്നതും. ഓൺലൈനായി വില്ലേജ് ഓഫീസർക്ക്/ തഹസീൽദാർക്ക് എത്തുന്ന അപേക്ഷകൾ പരിശോധിച്ചശേഷം ഡിജിറ്റൽ ഒപ്പോടുകൂടിയ സർട്ടിഫിക്കറ്റുകൾ അനുവദിച്ചുനൽകുന്നു. സംസ്ഥാനത്ത് റവന്യൂ വകുപ്പ് മുഖേന ഓൺലൈൻവഴി നൽകുന്ന സർട്ടിഫിക്കറ്റുകൾക്ക് ആധികാരികതയുണ്ട്. ഇ-ഡിസ്ട്രിക്ട് പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസർമാർക്കും ലാപ്ടോപ്പ്/പേഴ്സണൽ കമ്പ്യൂട്ടറുകൾ എന്നിവ കേരള സ്റ്റേറ്റ് ഐ.റ്റി. മിഷൻവഴി നൽകിക്കഴിഞ്ഞിട്ടുണ്ട്. ഇ-ഡിസ്ട്രിക്ട് പദ്ധതി ഉപയോഗിക്കുന്ന എല്ലാ വില്ലേജ് ഓഫീസർമാർക്കും എസ്.വി.ഒ.-മാർക്കും തഹസീൽദാർമാർക്കും മറ്റ് ഉദ്യോഗസ്ഥർക്കും മതിയായ പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ, എന്തെങ്കിലും സാങ്കേതിക തടസ്സമുണ്ടായാൽ പരിഹരിക്കുന്നതിനും ആവശ്യമായ പരിശീലനം നൽകുന്നതിനും എല്ലാ താലൂക്കുകളിലും ഹാൻഡ് ഹോൾഡിംഗ് സ്റ്റാഫിനെയും കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ വഴി നിയമിച്ചിട്ടുണ്ട്. അക്ഷയ കേന്ദ്രങ്ങൾവഴി വിതരണം ചെയ്യു ലഘുലേഖകൾവഴിയും, വിവിധ മാധ്യമങ്ങളിലൂടെയുള്ള പരസ്യങ്ങളിലൂടെയും ബോധവത്ക്കരണ പരിപാടികൾ

LIBRARY ARCHIVES Kerala Legislative Assembly

നടത്തിയിട്ടുണ്ട്. ഈ പദ്ധതിപ്രകാരം നൽകുന്ന സർട്ടിഫിക്കറ്റുകളുടെ പൂർണ്ണ വിവരവും സർട്ടിഫിക്കറ്റുകൾക്ക് ആവശ്യമായിട്ടുള്ള അനുബന്ധ രേഖകളുടെ വിവരങ്ങളും അപേക്ഷ നൽകുന്നതിനും സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിനും വേണ്ട പരിശീലനങ്ങളും അനുബന്ധ സാങ്കേതിക വിവരങ്ങളും അക്ഷയകേന്ദ്രങ്ങൾക്ക് നൽകിയിട്ടുണ്ട്.

(സി) ഇ-ഡിസ്ട്രിക്ട് പദ്ധതി പ്രകാരം സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സമുണ്ടായാൽ അടിയന്തിര സാഹചര്യത്തിൽ വില്ലേജ് ഓഫീസിൽനിന്നും നേരിട്ടുതന്നെ ജനങ്ങൾക്ക് ഇപ്പോഴും സർട്ടിഫിക്കറ്റുകൾ ലഭ്യമാകുന്നതാണ്. കൂടാതെ ഓൺലൈൻ പേയ്മെന്റ് സംവിധാനംകൂടി ഈ പദ്ധതിയുടെ ഭാഗമായതോടുകൂടി വീട്ടിലിരുന്നുതന്നെ സർട്ടിഫിക്കറ്റിന് അപേക്ഷിക്കുന്നതിനും ലഭ്യമാക്കുന്നതിനുമുള്ള സൗകര്യവും നിലവിൽവന്നു കഴിഞ്ഞിട്ടുണ്ട്.

## കുടിയേറ്റഭൂമി കൈമാറാനും വിൽക്കാനും മുദ്രപ്പത്രം

172 (1251) ശ്രീ. സി. കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിയേറ്റ ഭൂമി കൈമാറാനും വിൽക്കാനും മുദ്രപ്പത്രം നിർബന്ധമാക്കിയിരുന്ന വ്യവസ്ഥ ഗസറ്റ് വിജ്ഞാപനത്തിലൂടെ ഭേദഗതി ചെയ്തിട്ടുണ്ടോ; എങ്കിൽ വിജ്ഞാപനത്തിന്റെ ഒരു പകർപ്പ് ലഭ്യമാക്കുമോ;

(ബി) മുദ്രപ്പത്രത്തിന് പകരം വെള്ളക്കടലാസ് ഉപയോഗിച്ചുള്ള കരാർ മതിയെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളത്, മലയോര മേഖലയിൽ പട്ടയരഹിത ഭൂമി വാങ്ങി കൂട്ടാനും കയ്യേറ്റങ്ങൾക്കും പ്രസ്തുത രംഗത്തെ മാഫിയകൾക്ക് അവസരമാകുമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കുടിയേറ്റ ഭൂമി കൈമാറാനും വിൽക്കാനും മുദ്രപ്പത്രം നിർബന്ധമാക്കിയിരുന്ന സാഹചര്യം എന്തായിരുന്നു; അതിപ്പോഴും നിലനിൽക്കുന്നതായുള്ള റിപ്പോർട്ടുകൾ പരിഗണിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഭൂമി പതിവ് (1-1-1977-ന് മുമ്പുള്ള വനഭൂമി കയ്യേറ്റം ക്രമീകരിക്കൽ) 1993-ലെ ചട്ടം 2 (ജെ) പ്രകാരമുള്ള Successor-in-interest means those who have obtained possession of the land by virtue of stamped instrument എന്നാണ്. എന്നാൽ 19-8-2015-ലെ ജി.ഒ.(പി) നമ്പർ 399/2015/ആർ.ഡി. ഉത്തരവ് പ്രകാരം by virtue of stamped instrument എന്നത് From the predecessor-in-interest എന്ന് ഭേദഗതി വരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly